പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2280 — 23.03.2012-ൽ മറുപടിയ്ക്ക്

## ദേശീയ സ്കൂൾ ഗെയിംസിലെ ഹാൻഡ്ബോൾ മത്സരത്തിൽ പങ്കെടുത്ത കേരള ടീമിനുണ്ടായ ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) ചണ്ഡീഗഢിൽ വച്ച് നടന്ന ദേശീയ സ്കൂൾ ഗെയിംസിൽ ഹാൻഡ്ബോൾ മത്സരത്തിൽ പങ്കെടുത്ത കേരള ടീമംഗങ്ങൾക്ക് എന്തൊക്കെ ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടിവന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പ്രസ്തുത മത്സരത്തിൽ പങ്കെടുക്കുന്നതിനു പുറപ്പെട്ട കേരള സീനിയർ ഹാൻഡ് ബോൾ ടീമംഗങ്ങളോട് സെമിഫൈനലിൽ ചാണ്ഡിഗഢുമായുള്ള മത്സരം നിയന്ത്രിച്ചിരുന്ന റഫറിമാർ പക്ഷപാതപരമായി പെരുമാറുകയും കളിക്കിടയിൽ കേരള താരങ്ങളെ യാതൊരു കാരണവും കൂടാതെ ചുവപ്പുകാർഡ് കാണിച്ച് പുറത്താക്കുകയും ചെയ്തു ഇതിനെ ചോദ്യം ചെയ്ത കേരള ടീം മാനേജർ, കോച്ച്, ക്യാപ്റ്റൻ എന്നിവരോട് ഏറ്റവും മോശമായ രീതിയിലാണ് റഫറിമാർ പെരുമാറിയത്. ഇവർ യാതൊരു യോഗ്യതയും ഇല്ലാത്തവരും, ചണ്ഡിഗഢിലെ പ്രാദേശിക. റഫറിമാരുമായിരുന്നു. കളി പല സന്ദർഭങ്ങളിലും തടസ്സപ്പെടുത്തുകയും, റഫറിമാരും അതുപോലെ കാണികളും ചേർന്ന് കേരള താരങ്ങളെ കൈയ്യേറ്റം ചെയ്യുകയുമുണ്ടായി.<br>ഏഴോളം താരങ്ങൾക്ക് ചെറിയ പരിക്ക് മൂലം ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ഇത് കേരള ടീം മാനേജർ മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചണ്ഡിഗഢ് സർക്കാരിന്റെ ഭാഗത്ത് നിന്നും കുട്ടികൾക്ക് വേണ്ടത്ര ചികിത്സ ലഭിക്കുകയുമുണ്ടായി. ഈ മത്സരത്തിൽ കേരളം തോറ്റതായിട്ടും ചണ്ഡിഗഢ് വിജയിച്ചതായും റഫറിമാർ പ്രഖ്യാപിച്ചു. അതിനുശേഷം ഉന്നതതലങ്ങളിൽ നിന്നുള്ള ഇടപെടൽ മൂലം കളി നിർത്തിവച്ചതായും അടുത്തദിവസം വീണ്ടും കളിക്കണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ശാരീരികമായും മാനസികമായും തളർന്ന കുട്ടികൾക്ക് വീണ്ടുമൊരു മത്സരത്തിൽ പങ്കെടുക്കാൻ കഴിയുമായിരുന്നില്ല. |
| (ബി) ചാമ്പ്യൻഷിപ്പിൽ ഒന്നാംസ്ഥാനം ലഭിക്കുമായിരുന്ന കേരള ടീം അംഗങ്ങൾക്ക് കിട്ടേണ്ട ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള അംഗീകാരങ്ങൾ അവർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

..............

| | | | |
|---|---|---|---|
| (സി) | പരിക്കേറ്റ ടീമംഗങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | പരിക്കേറ്റ കായികതാരങ്ങൾക്ക് യഥാസമയം വൈദ്യസഹായവും സെമിഫൈനൽ മത്സരത്തിൽ പങ്കെടുത്ത ടീമിലെ അംഗങ്ങൾക്ക് 35,000 രൂപ വീതം പാരിതോഷികവും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ഇനിയും ഇത്തരം നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | ദേശീയ സ്കൂൾ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ആവശ്യമായ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് സംഘാടകരായ സ്കൂൾ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ അധികാരികൾക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.